# പുറപ്പാട് 1:8

അനന്തരം യോസേഫിനെ
അറിയാത്ത പുതിയോരു
രാജാവു മിസ്രയീമിൽ ഉണ്ടായി.

**Then a new king, to whom Joseph meant nothing, came to power in Egypt.**

Gloria

**Exodus 1:8 Parallel Verses**

NIV: **Then a new king, to whom Joseph meant nothing, came to power in Egypt.**

ESV: **Now there arose a new king over Egypt, who did not know Joseph.**

KJV: Now there arose up a new king over Egypt, which knew not Joseph.

NASB: **Now a new king arose over Egypt, who did not know Joseph.**

NLT: Eventually, a new king came to power in Egypt who knew nothing about Joseph or what he had done.

CSB: A new king, who did not know about Joseph, came to power in Egypt.

Gloria

# ലൂക്കോസ് 5:5

## നിന്റെ വാക്കിന് വലയിറക്കാം.

## at Your word I will let down the net

Gloria

## പുറപ്പാട് 1:8-14

അനന്തരം യോസേഫിനെ അറിയാത്ത പുതിയോരു
രാജാവു മിസ്രയീമിൽ ഉണ്ടായി.

Gloria

പുറപ്പാട് 1:8-14

അനന്തരം യോസേഫിനെ അറിയാത്ത പുതിയോരു
രാജാവു മിസ്രയീമിൽ ഉണ്ടായി.

# അറിയാത്തവൻ ഉണ്ടാകുമ്പോൾ??

Gloria

## പുറപ്പാട് 1:8-14

അനന്തരം യോസേഫിനെ അറിയാത്ത പുതിയോരു രാജാവു മിസ്രയീമിൽ ഉണ്ടായി.
അവൻ തന്റെ ജനത്തോടു: യിസ്രായേൽ ജനം നമ്മെക്കാൾ ബാഹുല്യവും
ശക്തിയുമുള്ളവരാകുന്നു. അവർ പെരുകീട്ടു ഒരു യുദ്ധം ഉണ്ടാകുന്ന പക്ഷം നമ്മുടെ
ശത്രുക്കളോടു ചേർന്നു നമ്മോടു പൊരുതു ഈ രാജ്യം വിട്ടു പൊയ്ക്കളവാൻ
സംഗതി വരാതിരിക്കേണ്ടതിന്നു നാം അവരോടു ബുദ്ധിയായി പെരുമാറുക.
അങ്ങനെ കഠിനവേലകളാൽ അവരെ പീഡിപ്പിക്കേണ്ടതിന്നു അവരുടെമേൽ
ഊഴിയവിചാരകന്മാരെ ആക്കി; അവർ പീഥോം, റയംസേസ് എന്ന
സംഭാരനഗരങ്ങളെ ഫറവോന്നു പണിതു. എന്നാൽ അവർ പീഡിപ്പിക്കുന്തോറും ജനം
പെരുകി വർദ്ധിച്ചു; അതുകൊണ്ടു അവർ യിസ്രായേൽ മക്കൾനിമിത്തം പേടിച്ചു.
മിസ്രയീമ്യർ യിസ്രായേൽമക്കളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു.
കളിമണ്ണും ഇഷ്ടികയും വയലിലെ സകലവിധവേലയും സംബന്ധിച്ചുള്ള
കഠിനപ്രവർത്തിയാലും അവരെക്കൊണ്ടു കാഠിന്യത്തോടെ ചെയ്യിച്ച
സകലപ്രയത്നത്താലും അവർ അവരുടെ ജീവനെ കൈപ്പാക്കി.

Gloria

അറിഞ്ഞവൻ ഉള്ളപ്പോൾ??

## ഉല്പത്തി 41:38-44

ഫറവോൻ തന്റെ ഭൃത്യന്മാരോടു: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ എന്നു പറഞ്ഞു. പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതു കൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല. നീ എന്റെ ഗൃഹത്തിന്നു മേലധികാരിയാകും; നിന്റെ വാക്കു എന്റെ ജനമെല്ലാം അനുസരിച്ചു നടക്കും; സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും എന്നു പറഞ്ഞു. ഇതാ, മിസ്രയീംദേശത്തിന്നൊക്കെയും ഞാൻ നിന്നെ മേലധികാരി ആക്കിയിരിക്കുന്നു, എന്നും ഫറവോൻ യോസേഫിനോടു പറഞ്ഞു. ഫറവോൻ തന്റെ കയ്യിൽനിന്നു മുദ്രമോതിരം ഊരി, യോസേഫിന്റെ കൈക്കു ഇട്ടു, അവനെ നേർമ്മയുള്ള വസ്ത്രംധരിപ്പിച്ചു, ഒരു സ്വർണ്ണസരപ്പളിയും അവന്റെ കഴുത്തിൽ ഇട്ടു. തന്റെ രണ്ടാം രഥത്തിൽ അവനെ കയറ്റി: മുട്ടുകുത്തുവിൻ എന്നു അവന്റെ മുമ്പിൽ വിളിച്ചു പറയിച്ചു; ഇങ്ങനെ അവനെ മിസ്രയീംദേശത്തിന്നൊക്കെയും മേലധികാരിയാക്കി. പിന്നെ ഫറവോൻ യോസേഫിനോടു: ഞാൻ ഫറവോൻ ആകുന്നു; നിന്റെ കല്പന കൂടാതെ മിസ്രയീംദേശത്തു എങ്ങും യാതൊരുത്തനും കയ്യോ കാലോ അനക്കുകയില്ല എന്നു പറഞ്ഞു.

Gloria

# യോസേഫിന്റെ പ്രത്യേകതകൾ

1. അവൻ ദൈവത്തേയും ദൈവീക വാഗ്ദത്തങ്ങളേയും പൂർണ്ണമായി വിശ്വസിക്കുന്നവനായിരുന്നു.

Gloria

## ഉല്പത്തി 37:6-7

ഞാൻ കണ്ട സ്വപ്നം കേട്ടുകൊൾവിൻ, നാം വയലിൽ കറ്റ കെട്ടികൊണ്ടിരുന്നു. അപ്പോൾ എന്റെ കറ്റ എഴുന്നേറ്റു നിവർന്നു നിന്നു. നിങ്ങളുടെ കറ്റകൾ ചുറ്റും നിന്ന് എന്റെ കറ്റയെ നമസ്ക്കരിച്ചു.

## ഉല്പത്തി 37:9

സൂര്യനും ചന്ദ്രനും 11 നക്ഷത്രങ്ങളും എന്നെ നമസ്ക്കരിച്ചു.

Gloria

# യോസേഫിന്റെ പ്രത്യേകതകൾ

1. അവൻ ദൈവത്തേയും ദൈവീക വാഗ്ദത്തങ്ങളേയും പൂർണ്ണമായി വിശ്വസിക്കുന്നവനായിരുന്നു.
2. പ്രതിസന്ധികളിൽ അവൻ അവന്റെ ദൈവത്തെ തള്ളിക്കളഞ്ഞില്ല. കുറ്റപ്പെടുത്തിയില്ല.
3. അവൻ അവന്റെ ദൈവത്തെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്തതുകൊണ്ട് പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് വിട്ടുനിന്നു.
4. ദൈവജനത്തെ ആദരവോടെ സ്നേഹിച്ചു. (സഹോദരങ്ങളെ)
5. ദൈവത്താൽ മാനിക്കപ്പെട്ടവനായിരുന്നു.
6 പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവൻ

Gloria

# യോസേഫ് യേശുവിന്റെ നിഴൽ

Gloria

## ലൂക്കോസ് 5:1-6

ഗന്നേസരെത്ത് തടാകത്തിന്റെ കരയിൽ നില്ക്കുമ്പോൾ പുരുഷാരം ദൈവവചനം കേൾക്കേണ്ടതിന്നു അവനെ തിക്കിക്കൊണ്ടിരിക്കയിൽ രണ്ടു പടകു കരെക്കു അടുത്തു നില്ക്കുന്നതു അവൻ കണ്ടു; അവയിൽ നിന്നു മീൻപിടിക്കാർ ഇറങ്ങി വല കഴുകുകയായിരുന്നു. ആ പടകുകളിൽ ശിമോനുള്ളതായ ഒന്നിൽ അവൻ കയറി 'കരയിൽ നിന്നു അല്പം നീക്കേണം' എന്നു അവനോടു അപേക്ഷിച്ചു; അങ്ങനെ അവൻ പടകിൽ ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോടു: 'ആഴത്തിലേക്കു നീക്കി മീമ്പിടിത്തത്തിന്നു വല ഇറക്കുവിൻ' എന്നു പറഞ്ഞു. അതിന്നു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിന്നു ഞാൻ വല ഇറക്കാം എന്നു ഉത്തരം പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്തു മീൻകൂട്ടം അകപ്പെട്ടു വല കീറാറായി.

Gloria

# യോഹന്നാൻ 21:6

പടകിന്റെ വലതുഭാഗത്ത് വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും. അവർ വീശി.

Gloria

# യോഹന്നാൻ 21:4-6

പുലർച്ച ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു;
യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല. യേശു
അവരോടു: കുഞ്ഞുങ്ങളേ, കൂട്ടുവാൻ വല്ലതും ഉണ്ടോ
എന്നു ചോദിച്ചു; ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു.
പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ; എന്നാൽ
നിങ്ങൾക്കു കിട്ടും എന്നു അവൻ അവരോടു പറഞ്ഞു;
അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു
വലിപ്പാൻ കഴിഞ്ഞില്ല.

Gloria

യേശുവിനെ അറിയാത്തവർ അനേകർ.

അറിഞ്ഞിട്ടും അറിയാത്തവരെപ്പോലെ ജീവിക്കുവർ അതിലുമധികം.

ഇന്ന് യേശുവിന്റെ ആവശ്യം

ചോദ്യം ചെയ്യാതെ യേശുവിനുവേണ്ടി വലയിറക്കാൻ മനസ്സുള്ളവരെ.

Gloria

- നമുക്ക് അതിനു മനസ്സുണ്ടോ?
- എനിക്ക് അതിനു മനസ്സുണ്ടോ?

**ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ...**

Gloria